**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സംരംഭക സഹായ പദ്ധതി പ്രകാരം 29 യൂണിറ്റുകൾക്ക് 2,21,51,467 രൂപയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്ക് 36,40,505 രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 11 യൂണിറ്റുകൾക്ക് 2,14,222 രൂപയും പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി പ്രകാരം 58 യൂണിറ്റുകൾക്ക് 1,48,50,000 രൂപയും എം.എസ്.എം.ഇ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 38 യൂണിറ്റുകൾക്ക് 1,00,445 രൂപയും അനുവദിച്ചിട്ടുണ്ട്. സംരംഭക സഹായ പദ്ധതിയിൽ ധനസഹായം ലഭിച്ച 2 യൂണിറ്റുകളൊഴികെ ബാക്കി യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഈ പദ്ധതികളുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക സർക്കാർ ഉത്തരവുകളില്ല. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ